# 64th State Conference

## എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി

## മികച്ച കോളജ് യൂണിയനുള്ള അഭിമന്യു അവാർഡ്

സുഹൃത്തുക്കളെ ,

എറണാകുളം മഹാരാജാസ് കോളജിലെ വിദ്യാർത്ഥിയായിരിക്കേ വർഗീയ വാദികളുടെ കഠാരയ്ക്കിരയായി ധീര രക്തസാക്ഷിത്വം വരിച്ച അഭിമന്യു ചുവരിൽ എഴുതിയ "വർഗ്ഗീയത തുലയട്ടെ" എന്ന മുദ്രാവാക്യം ഇന്ത്യയിൽ ഏറ്റവുമേറെ ഉച്ചത്തിൽ മുഴങ്ങുകയാണിന്ന്. മതനിരപേക്ഷതയുടെയും പുരോഗമന ജനാധിപത്യത്തിന്റെയും ശക്തികേന്ദ്രമായ കേരളത്തിൽ പോലും  മത-ജാതി തീവ്രവാദം ശക്തിപ്പെടുന്ന സമകാലീന സന്ദർഭങ്ങളും ഉണ്ടായി വരുന്നു. അഭിമന്യുവിന്റെ ഓർമ്മകൾക്ക് കരുത്തേകുന്ന സർഗ്ഗാത്മക വിദ്യാർത്ഥി യൂണിയൻ പ്രവർത്തനങ്ങളിൽ കൂടിയാണ് നമ്മുടെ കാമ്പസുകളുടെ മതനിരപേക്ഷ-ജനാധിപത്യ ഇടങ്ങൾ നിലനിന്ന് പോരുന്നത്. ധീര രക്തസാക്ഷി അഭിമന്യുവിന്റെ  പേരിൽ കേരളത്തിലെ **ഏറ്റവും മികച്ച കോളജ് യൂണിയന്** ഈ വർഷം (2021-22) മുതൽ ഒരു അവാർഡ് ഏർപ്പെടുത്താൻ എകെപിസിടിഎ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. എല്ലാ വർഷവും എകെപിസിടിഎ സംസ്ഥാന സമ്മേളനത്തിന് മുമ്പ് അവാർഡ് പ്രഖ്യാപിക്കാനും സമ്മേളന വേദിയിൽ വെച്ച് അവാർഡ് നൽകാനും ആണ് ഉദ്ദേശിക്കുന്നത്. ഈ വർഷത്തെ സംഘടനാ വാർഷിക സമ്മേളനം ഈ വരുന്ന മെയ് 19, 20 തീയതികളിലായി എറണാകുളത്ത് ചേരുകയാണ്.

മതനിരപേക്ഷതയും, ജനാധിപത്യവും, സോഷ്യലിസവും, ശാസ്ത്രാവബോധവും, അന്വേഷണാത്മകതയും അടക്കമുള്ള ഭരണഘടനാമൂല്യങ്ങൾ, പൗരസ്വാതന്ത്ര്യം,  ലിംഗനീതി, സാമൂഹ്യനീതി, പാരിസ്ഥിതിക അവബോധം,  ബഹുസ്വരത തുടങ്ങിയ മൂല്യങ്ങളെ ആസ്പദമാക്കിയും കലാസാംസ്കാരിക പരിപാടികൾ, അക്കാദമിക പ്രവർത്തനങ്ങൾ, വിനോദ പ്രവർത്തനങ്ങൾ, സാമൂഹ്യപ്രവർത്തനങ്ങൾ എന്നീ മേഖലകളിലും നടത്തിയ മികച്ച പ്രവർത്തനങ്ങൾ വിലയിരുത്തിയാവും വിധി നിർണയം.

ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പ്രകാരം സംഘടനയുടെ വെബ് സൈറ്റ് www.akpcta.org യിൽ ഓൺലൈൻ ആയിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സർവ്വകലാശാലകൾ വിജ്ഞാപനം ചെയ്തത് പ്രകാരം കോളജുകളിൽ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് നടന്നതിന് ശേഷമുള്ള കാലയളവിലെ പ്രവർത്തനങ്ങൾ മാത്രമേ റിപ്പോർട്ടിൽ ചേർക്കാവൂ. കോളജിന്റെ പേര്, യൂണിയൻ ഭാരവാഹികളുടെ പേര്, സ്റ്റാഫ് അഡ്വൈസർമാരുടെ വിവരങ്ങൾ, **യൂണിയൻ ഉദ്ഘാടനം മുതൽ ഇങ്ങോട്ടേക്ക് നടന്ന വിവിധ പ്രവർത്തനങ്ങളുടെ പോസ്റ്റർ,  മലയാളത്തിൽ തയ്യാറാക്കിയ ഹ്രസ്വറിപ്പോർട്ടുകൾ, അവയുടെ ഫോട്ടോകൾ, നോട്ടീസുകൾ, പത്ര കട്ടിങുകൾ, മറ്റ് വിവരങ്ങൾ**, പ്രിൻസിപ്പൽ / സീനിയർ അധ്യാപകർ / സ്റ്റാഫ് അഡ്വൈസർ എന്നിവരിൽ ആരെങ്കിലും ഒരാളുടെ സാക്ഷ്യപ്പെടുത്തൽ പേജ് തുടങ്ങിയവ അടങ്ങിയ ഒരു റിപ്പോർട്ട് **പി ഡി എഫ്** രേഖയായി വേണം വെബ്സൈറ്റ് വഴി അപ്‌ലോഡ് ചെയ്യാൻ. ആകെ എത്ര പേജ് വരെ ആകാം എന്ന് പ്രത്യേകമായ നിബന്ധന ഇല്ല. **2022 മെയ് 5 മുതൽ 10 വരെ വെബ്സൈറ്റ് വഴി കോളജ് യൂണിയൻ റിപ്പോർട്ട് സമർപ്പിക്കാവുന്നതാണ്**.

2022 മെയ് 19 ന് എറണാകുളം ടൗൺഹാളിൽ ചേരുന്ന എ കെ പി സി ടി എ അറുപത്തിനാലാം സംസ്ഥാന സമ്മേളനത്തിന്റെ ഉദ്ഘാടന വേദിയിൽ വെച്ച് വിജയികൾക്ക് സമ്മാനം നൽകും. **മികച്ച കോളജ് യൂണിയന് ചിത്രകാരനും ശിൽപിയും ആയ ഉണ്ണി കാനായി രൂപകൽപന ചെയ്ത എവർ റോളിങ് ട്രോഫിയും, സ്ഥിരം ട്രോഫിയും പ്രശസ്തി പത്രവും ഏർപ്പെടുത്തും.**

ഒരു അദ്ധ്യക്ഷൻ/ അദ്ധ്യക്ഷ അടക്കം മൂന്നംഗ ജൂറി ആണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യ വർഷത്തെ അവാർഡ് നിർണയസമിതിയിൽ **പ്രൊഫ. കെ.സച്ചിദാനന്ദൻ (ചെയർ പേഴ്സൺ), ഇ പി രാജഗോപാലൻ, ഡോ.പി എസ് ശ്രീകല** എന്നിവർ ആയിരിക്കും അംഗങ്ങൾ . അവാർഡുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ജൂറി തീരുമാനം അന്തിമം ആയിരിക്കും.

അഭിവാദനങ്ങളോടെ,

ജോജി അലക്സ് ( പ്രസിഡന്റ് )

ഡോ സി പത്മനാഭൻ( ജനറൽ സെക്രട്ടറി )

എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി

2022 മെയ് 2

**കൂടുതൽ വിവരങ്ങൾക്ക് :**

എ നിശാന്ത് ( കൺവീനർ ) 9447690687

ഡോ എ എസ് സുമേഷ് 9744168522

ഡോ പ്രമോദ് എൻ 9447441841

അഭിമന്യു അവാർഡ് സബ് കമ്മിറ്റി

**സാങ്കേതിക കാര്യങ്ങൾക്ക് :**

ഡോ കെ എം അനിൽകുമാർ കൺവീനർ, ഐ ടി സെൽ 9895084712

രജിസ്ട്രേഷൻ :2022 മെയ് 5 ന് രാവിലെ 10 മണി മുതൽ മെയ് 10 ന് വൈകീട്ട് 5 മണി വരെ

**എ കെ പി സി ടി എ 64-ാം സംസ്ഥാന സമ്മേളനം 2022 മെയ് 19, 20 എറണാകുളം**

## നവഉദാരവൽക്കരണത്തിനെതിരെ; നവകേരള സൃഷ്ടിക്കായി